പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## നാല്പതാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)യുടെ അഞ്ചാമത് റിപ്പോർട്ടിലെ (കോഴിക്കോട് ജില്ലയിലൂടെ ഒഴുകുന്ന നദികൾ നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

**പരിസ്ഥിതി സംബന്ധിച്ച സമിതി**
**(2014-2016)**

**നാല്പതാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)യുടെ അഞ്ചാമത് റിപ്പോർട്ടിലെ**
**(കോഴിക്കോട് ജില്ലയിലൂടെ ഒഴുകുന്ന നദികൾ**
**നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്)**
**ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ**
**സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

319/2016.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ | .. | 2 |
| അദ്ധ്യായം III : ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകൾ സംബന്ധിച്ച വിശദാംശം | .. | 9 |

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാല്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 18-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

# റിപ്പോർട്ട്

## അദ്ധ്യായം I

പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)യുടെ അഞ്ചാമത് റിപ്പോർട്ട് (കോഴിക്കോട് ജില്ലയിലൂടെ ഒഴുകുന്ന നദികൾ നേരിടുന്ന മലിനീകരണം സംബന്ധിച്ച്) 2013 ഏപ്രിൽ 2-ാം തീയതി സഭയിൽ സമർപ്പിക്കപ്പെട്ടു.

2. കോഴിക്കോട് ജില്ലയിലൂടെ ഒഴുകുന്ന നദികളായ കല്ലായിപ്പുഴ, കോരപ്പുഴ, പൂനൂർപ്പുഴ എന്നീ നദികളുടെ തീരങ്ങളിൽ നടക്കുന്ന കയ്യേറ്റം, ജലമലിനീകരണം എന്നിവ സംബന്ധിച്ച് സമിതിക്ക് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം സമിതി വിശദമായ പഠനത്തിന് വിധേയമാക്കുകയുണ്ടായി. അതിന്റെ ഭാഗമായി സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്തുകയും പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ പഠന റിപ്പോർട്ട് വിശകലനം ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (2011-2014)യുടെ അഞ്ചാമത് റിപ്പോർട്ടിൽ ആകെ 8 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്.

3. റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 9-10-2013-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും തുടർ നടപടി റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും നടപടി റിപ്പോർട്ട് ലഭിക്കാത്തത് സംബന്ധിച്ച് സമിതി 27-8-2014, 5-8-2015, 19-8-2015, 30-9-2015, 13-1-2016 എന്നീ തീയതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി. സമിതിയുടെ ശിപാർശകൾ, അതിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ II-ാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

4. റിപ്പോർട്ടിലെ 4-ാം നമ്പർ ശിപാർശയിന്മേൽ ജലവിഭവ വകുപ്പിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായില്ല. 6-ാം നമ്പർ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ പഠനം നടന്നുകൊണ്ടിരിക്കുകയാണെന്നും പഠനം പൂർത്തിയാക്കുന്നമുറയ്ക്ക് 6 മാസത്തിനുള്ളിൽ അതു സംബന്ധിച്ച ഗവൺമെന്റ് റിപ്പോർട്ട് നൽകാമെന്നും ശാസ്ത്രസാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 19-8-2015-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ അറിയിക്കുകയുണ്ടായി. എന്നാൽ 8-ാം നമ്പർ ശിപാർശയിന്മേൽ രണ്ടാഴ്ചയ്ക്കുള്ളിൽ അന്തിമ മറുപടി ലഭ്യമാക്കാമെന്ന് വിജിലൻസ് വകുപ്പ് 13-1-2016-ലെ തെളിവെടുപ്പുയോഗത്തിൽ അറിയിച്ചുവെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അപ്രകാരം സർക്കാരിൽ നിന്നും ഇനിയും മറുപടി ലഭിക്കാനുള്ള 4, 6, 8 എന്നീ നമ്പർ ശിപാർശകൾ, അതു സംബന്ധിച്ച സമിതിയുടെ തുടർ ശിപാർശ എന്നീ വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ III-ാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

# സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1

കോഴിക്കോട് ജില്ലയിലൂടെ ഒഴുകുന്ന നദികളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അനുവദനീയ പരിധിയിൽ കൂടുതലായി കാണപ്പെടുന്നു. ഇതിനുകാരണം ഗാർഹിക മാലിന്യങ്ങൾ, മൃഗങ്ങൾ, കോഴികൾ മുതലായവയുടെ അറവുമാലിന്യങ്ങൾ, കന്നുകാലികളെ കുളിപ്പിക്കുന്നതും നദിക്കരയിലുള്ള വീടുകളിലെ സ്വീവേജ് നദീജലത്തിൽ എത്തുന്നതിലൂടെയുമാണ്. ആയതിനാൽ ശാസ്ത്രീയമായി സെപ്റ്റിക് ടാങ്ക് സോക്ക്പിറ്റ് സംവിധാനം നിലവിൽ വരുന്നതും മുനിസിപ്പൽ സോളിഡ് വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും മാലിന്യനിർമ്മാർജ്ജനത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 65113/ഡി.സി1/14/തസ്വഭവ. തീയതി 21-7-2015)

2011-ലെ സെൻസസ് പ്രകാരം നഗരസഭാ പ്രദേശങ്ങളിൽ ഏകദേശം 50% വീടുകളിൽ സെപ്റ്റിക് ടാങ്ക് സോക്ക്പിറ്റ് സംവിധാനമാണ് നിലവിലുള്ളതെന്ന് കാണുന്നു. എല്ലാ വീടുകളിലും ശാസ്ത്രീയമായ രീതിയിൽ സെപ്റ്റിക് ടാങ്ക് സോക്ക്പിറ്റ് സംവിധാനം സ്ഥാപിച്ച് മലിനജലം ശേഖരിച്ച് സംസ്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബിൽഡിംഗ് പെർമിറ്റ് നൽകുന്ന സമയത്ത് വീടുകളിലും സ്ഥാപനങ്ങളിലും സെപ്റ്റേജ് ടാങ്ക് സോക്ക്പിറ്റ് സംവിധാനം ഉണ്ടാകണമെന്ന് നിഷ്കർഷിച്ചുവരുന്നു.

നഗരസഭാ പരിധിയിലെ നദികളിൽ മാലിന്യം വലിച്ചെറിയുന്നത് നിരീക്ഷിക്കുന്നതിന് കോഴിക്കോട് നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുകയും പിഴ ചുമത്തുകയും ചെയ്തതിനാൽ പൊതുസ്ഥലങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നത് കുറഞ്ഞിട്ടുണ്ട്. മാലിന്യം സ്രോതസ്സിൽതന്നെ സംസ്കരിക്കുന്നതിന് കോഴിക്കോട് നഗരസഭ ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ ആരംഭിച്ചിട്ടുള്ളതാണ്. പൈപ്പ് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 12-ാം പഞ്ചവൽസര പദ്ധതിയിൽ തയ്യാറാക്കിയ പ്രോജക്ടിന് മികച്ച പ്രതികരണമാണ് പൊതുജനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ളത്.

12-11-2014-ലെ സ.ഉ.(സാധാ.)നമ്പർ 2960/2014/തസ്വഭവ. ഉത്തരവിലൂടെ കോഴിക്കോട് സൗത്ത് മണ്ഡലം ഉൾപ്പെടുന്ന 24 വാർഡുകളിൽ സമ്പൂർണ്ണ ശുചിത്വ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട സെപ്റ്റേജ് മാനേജ്മെന്റ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് നഗരപ്രദേശത്തെ പൊതുജനപങ്കാളിത്തം ഉറപ്പാക്കാനുള്ള ബോധവൽക്കരണവും പരിശീലന പ്രവർത്തനങ്ങൾക്കും നിർദ്ദേശവും ധനസഹായവും സർക്കാർ നൽകിയിട്ടുണ്ട്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 2</u>

ആശുപത്രികൾ, വീടുകൾ, നഗരത്തിലെ വ്യാപാരശാലകൾ, അറവുശാലകൾ എന്നിവിടങ്ങളിൽ നിന്നും ഡ്രെയിനേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കനോലി കനാലിലേക്ക് ഒഴുക്കിവിടുന്നതായി സമിതി മനസ്സിലാക്കി. കനാലിലേക്ക് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കണമെന്നും മലിനജലം ട്രീറ്റ് ചെയ്തതിനുശേഷം മാത്രമേ നദികളിലേക്ക് ഒഴുക്കാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 65113/ഡി.സി1/14/തസ്വഭവ. തീയതി 21-7-2015)

മലിനജലമോ മാലിന്യമോ ജലാശയങ്ങളിലേക്കോ, ഓടയിലേക്കോ, പൊതുവഴിയിലേക്കോ, പൊതുസ്ഥലങ്ങളിലേക്കോ നിർമ്മാർജ്ജനം ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ ചുമതലകൾ നിർവ്വഹിക്കാതെ ലംഘനം നടത്തുന്ന സ്ഥാപനത്തിന്മേൽ 6 മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവോ 10,000 രൂപയിൽ കുറയാത്തതും 50,000 രൂപ വരെ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ നൽകാൻ കേരള പഞ്ചായത്ത് ആക്ടിൽ നിയമ ഭേദഗതി വരുത്തി, ഈ കുറ്റം തുടർന്നും നടത്തിയാൽ ഓരോ ദിവസത്തേക്കും 1,000 രൂപയിൽ കുറവല്ലാത്ത പിഴയും ശിക്ഷിക്കാൻ നിയമ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതേ തരത്തിൽ കേരള മുനിസിപ്പൽ നിയമത്തിലും ഭേദഗതി വരുത്തിയിട്ടുണ്ട്. നഗരസഭാ പരിധിയിലെ നദികളിൽ മാലിന്യം വലിച്ചെറിയുന്നത് നിരീക്ഷിക്കുന്നതിന് കോഴിക്കോട് നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുകയും പിഴ ചുമത്തുകയും ചെയ്തതിനാൽ പൊതുസ്ഥലങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നത് കുറഞ്ഞിട്ടുണ്ട്.

സ്ഥാപനങ്ങൾക്ക് നിലവിലുള്ള ലൈസൻസ് പുതുക്കിനൽകുന്നതിനു മുൻപും പുതിയ ലൈസൻസ് അനുവദിക്കുന്നതിനു മുൻപും മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സൗകര്യം

ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ആരോഗ്യ വിഭാഗത്തിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്നതിനനുസൃതമായി ലൈസൻസ് പുതുക്കുന്നതിനും പുതുതായി അനുവദിക്കുന്നതിനുമുള്ള നടപടികൾ കോഴിക്കോട് നഗരസഭ സ്വീകരിക്കുന്നുണ്ട്.

മാലിന്യം സ്രോതസ്സിൽതന്നെ സംസ്കരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടി കൈക്കൊള്ളുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. പാർപ്പിട സമുച്ചയങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, റിസോർട്ടുകൾ, കല്യാണ മണ്ഡപങ്ങൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ, അറവുശാലകൾ, മാർക്കറ്റ് എന്നിങ്ങനെയുള്ള കെട്ടിടങ്ങൾക്ക് ഖരദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തിയാൽ മാത്രമെ കെട്ടിടനിർമ്മാണ അനുമതി നൽകാറുള്ളു.

കോഴിക്കോട് മെഡിക്കൽ കോളേജ് ഒഴികെ നഗരത്തിലെ ഒട്ടുമിക്ക സർക്കാർ/സ്വകാര്യ ആശുപത്രികളിലെല്ലാം മലിനജല സംസ്കരണശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്. സംസ്കരിച്ച ജലം സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര പരിധി നിലനിർത്തി പുനരുപയോഗിക്കുകയോ ആശുപത്രിയുടെ അധീനതയിലുള്ള സ്ഥലത്തുതന്നെ നിർമ്മാർജ്ജനം ചെയ്യുകയോ ചെയ്യാനാണ് ബോർഡ് അനുമതി നൽകിയിട്ടുള്ളത്. കൂടാതെ ബോർഡുദ്യോഗസ്ഥർ ആശുപത്രികളിൽ എല്ലാ മാസവും സന്ദർശിച്ച് മലിനജല സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കനോലി കനാലിന്റെ സമീപത്തുള്ള എല്ലാ ആശുപത്രികളിലും മലിനജല സംസ്കരണ പ്ലാന്റുകൾ ഉണ്ട്. അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുമുണ്ട്. ആശുപത്രികളിൽ നിന്നും സംസ്കരിച്ച ജലം മാത്രമാണ് ഇപ്പോൾ കനോലി കനാലിലേക്ക് ഒഴുക്കുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നുള്ള പാഴ്ജലം ആശുപത്രി പരിസരത്തുള്ള ലഗൂൺ സംവിധാനത്തിലേക്ക് (oxidation pond) ആണ് ഒഴുക്കുന്നത്.

കനോലി കനാലിലേക്ക് മലിനജലം ഒഴുക്കിവിടുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും പിഴ ചുമത്തുകയും ചെയ്തതിനാൽ ടി സ്ഥാപനങ്ങൾ മലിനജലം ഒഴുക്കിവിടുന്നില്ലെന്നും, മലിനജലം സംസ്കരിച്ച് ശുദ്ധജലം ആക്കിയതിനുശേഷം മാത്രമാണ് ടി സ്ഥാപനങ്ങൾ കനാലിലേക്ക് ഒഴുക്കുന്നതെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്. കനാലിലെ ജലത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിനായി ജലസേചന വകുപ്പ് ചെളിയും പായലും നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4136/എ 3/13/പരി. തീയതി 5-12-2015)

കോഴിക്കോട് മെഡിക്കൽ കോളേജ് ഒഴികെ നഗരത്തിലെ ഒട്ടുമിക്ക സർക്കാർ/സ്വകാര്യ ആശുപത്രികളിലെല്ലാം മലിനജല സംസ്കരണശാലകൾ സ്ഥാപിച്ച് പ്രവൃത്തിപ്പിക്കുന്നുണ്ട്. സംസ്കരിച്ച ജലം, മലിനീകരണനിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര പരിധി നിലനിർത്തി പുനരുപയോഗിക്കുകയോ ആശുപത്രിയുടെ അധീനതയിൽ ഉള്ള സ്ഥലത്തുതന്നെ നിർമ്മാർജ്ജനം ചെയ്യുകയോ ചെയ്യാനാണ് ബോർഡ് അനുമതി നൽകിയിട്ടുള്ളത്. മലിനീകരണനിയന്ത്രണ ബോർഡുദ്യോഗസ്ഥർ ആശുപത്രികളിൽ എല്ലാ മാസവും സന്ദർശിച്ച് മലിനജല ശുദ്ധീകരണ പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തുന്നു. കനോലി കനാലിന്റെ സമീപത്തുള്ള എല്ലാ ആശുപത്രികളിലും നിലവിൽ മലിനജല ശുദ്ധീകരണ പ്ലാന്റുകൾ ഉണ്ട്. അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുമുണ്ട്. ആശുപത്രികളിൽനിന്ന് സംസ്കരിച്ച ജലം മാത്രമാണ് ഇപ്പോൾ കനോലി കനാലിലേക്ക് ഒഴുക്കുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നുള്ള പാഴ്ജലം ആശുപത്രി പരിസരത്തുള്ള ലഗൂൺ സംവിധാനത്തിലേക്ക് (oxidation pond) ആണ് ഒഴുക്കുന്നത്. വ്യവസായശാലകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, റിസോർട്ടുകൾ, കല്യാണ മണ്ഡപങ്ങൾ മുതലായവയിൽ നിന്നുണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ടി സ്ഥാപനങ്ങളിൽതന്നെ ആവശ്യമായ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന നിബന്ധനയോടുകൂടിയാണ് ബോർഡ് ഇവയ്ക്ക് സ്ഥാപനാനുമതി നൽകുന്നത്. തുടർന്ന് ടി സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകുന്ന അവസരത്തിൽ മലിനീകരണ നിയന്ത്രണത്തിനായി ബോർഡ് നിർദ്ദേശിച്ച സംവിധാനങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നുണ്ട്. വീടുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കനോലി കനാലിലേക്ക് മലിനജലം ഒഴുക്കിവിടുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ കോഴിക്കോട് കോർപ്പറേഷന് മലിനീകരണനിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരസഭാ പരിധിയിലെ നദികളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിരീക്ഷിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുകയും പിഴ ചുമത്തുകയും ചെയ്തതിനാൽ പൊതുസ്ഥലങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നത് കുറഞ്ഞിട്ടുണ്ടെന്നും നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി ഊർജ്ജിതമായി നടപ്പാക്കി വരുന്നുണ്ടെന്നും പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണെന്നും

കനോലി കനാലിലേക്ക് മലിനജലം ഒഴുക്കിവിടുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും പിഴ ചുമത്തുകയും ചെയ്തതിനാൽ ടി സ്ഥാപനങ്ങൾ മലിനജലം ഒഴുക്കി വിടുന്നത് നിർത്തിയിട്ടുണ്ടെന്നും മലിനജലം സംസ്കരിച്ചതിനുശേഷം മാത്രമാണ് ഇപ്പോൾ ഈ സ്ഥാപനങ്ങൾ കനോലി കനാലിലേക്ക് ഒഴുക്കിവിടുന്നതെന്നും കോഴിക്കോട് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. മലിനജലം ശാസ്ത്രീയമായി സംസ്കരിച്ച് ഗുണനിലവാരം മലിനീകരണനിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന പരിധിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തിയതിനുശേഷം ഉപരിതല ജലാശയത്തിലേക്ക് പുറന്തള്ളാവുന്നതാണെന്ന് മലിനീകരണനിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

(മറുപടി 13-1-2016-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ 3

നദികളിൽ നിന്നും മണൽവാരുന്നതിന് യാതൊരു മാനദണ്ഡവും പാലിക്കുന്നില്ലെന്നും ഏതെല്ലാം കടവുകളിൽ നിന്നും എത്ര ലോഡ് മണൽ വാരുന്നു എന്നത് സംബന്ധിച്ച കണക്ക് ലഭ്യമല്ലെന്നും ആയതിനാൽ നദികളിലെ മണലിനെ സംബന്ധിച്ച് ഒരു സാൻഡ് ആഡിറ്റ് നടത്തണമെന്നും അനിയന്ത്രിതമായി മണൽ ചൂഷണം ചെയ്യുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## (എ) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 63704/പി3/2013/റവന്യൂ തീയതി 10-7-2014)

2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ളതുപ്രകാരം CWRDM-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച അളവിൽ ഓരോ കടവിൽ നിന്നും മണലെടുക്കുന്നതിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത്. കടവുകളിൽ നിന്നും കൊണ്ടുപോകുന്ന ഓരോ ലോഡ് മണലിന്റെയും കണക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നതിനും കൊണ്ടുപോകുന്ന സമയം ചേർത്ത് നൽകുന്നതിനും ഓരോ കടവുകളിലും റിസീവർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 5-5-2012-ലെ സർക്കാർ ഉത്തരവ് കയ്യെഴുത്ത് നമ്പർ 188/12/റവ. പ്രകാരം മണൽ ആഡിറ്റിംഗിനും റിവർ മാപ്പിംഗിനും ഏജൻസികളെ നിശ്ചയിച്ചുത്തരവായിട്ടുണ്ട്. കുറ്റ്യാടി പുഴയിൽ സാന്റ് ആഡിറ്റും റിവർ മാപ്പിംഗും പൂർത്തിയാക്കി റിവർ മാനേജ്മെന്റ് സെല്ലിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി ഏജൻസി അറിയിച്ചിരിക്കുകയാണ്. ചാലിയാർ, കടലുണ്ടിപ്പുഴ എന്നീ നദികളിലും സാന്റ് ആഡിറ്റ് നടത്തുന്നുണ്ട്.

(മറുപടി 7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 364/ആർ.സി4/15/തസ്വഭവ. തീയതി 4-8-2015)

നദികളിൽ നിന്നും മണൽ ഖനനം ചെയ്യുമ്പോൾ പാലിക്കേണ്ട പാരിസ്ഥിതിക വ്യവസ്ഥകൾ 21-2-2014-ലെ സ.ഉ.(കയ്യെഴുത്ത്) 2/2014/പരിസ്ഥിതി നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

നദികളിൽ നിന്നും മണൽ ഖനനം ചെയ്യുന്നതിന് മണൽ ഓഡിറ്റ് റിപ്പോർട്ട് (Sand Audit Report) സഹിതം അപേക്ഷിച്ച് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി തേടണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. മണൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്ത ജില്ലകളിൽ ഈ പഠനം ആറുമാസത്തിനുള്ളിൽ പൂർത്തിയാക്കാമെന്നുള്ള ജില്ലാ അധികാരികളുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ആറുമാസം വരെ മണൽ എടുക്കുന്നതിനുള്ള അനുമതി പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർക്ക് നൽകണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മണൽ ഓഡിറ്റ് നടത്തുന്നതിനും 15-11-2014-ലും സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 13/2014/പരിസ്ഥിതി നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മണൽ പാസ് നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിമാർ പ്രത്യേകം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്ന് 6-2-2014-ലെ 73113/എബി2/13/തസ്വഭവ. സർക്കുലർ മുഖേന എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### ശിപാർശ 5

കോഴിക്കോട് ജില്ലയിലെ നദികളുടെ വിസ്തൃതി സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ വിസ്തൃതി സംബന്ധിച്ച സർവ്വേ നടത്തണമെന്നും നദികളുടെ കയ്യേറിയഭൂമി വീണ്ടെടുക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

## റവന്യൂ (ഇ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 64246/ഇ 3/13/റവന്യൂ തീയതി 21-11-2014)

കോഴിക്കോട് ജില്ലയിലെ നദികളുടെ സർവ്വേ സംബന്ധിച്ച് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

**കോഴിക്കോട് താലൂക്ക്**

കല്ലായിപ്പുഴ: കോഴിക്കോട് താലൂക്കിൽ നഗരം, പന്നിയങ്കര, കസബ എന്നീ വില്ലേജുകളിൽക്കൂടി ഒഴുകുന്ന കല്ലായിപ്പുഴയുടെ ഇരുവശങ്ങളിലും മരവ്യവസായമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവ പുഴ പുറമ്പോക്ക് കയ്യേറിയാണ് പ്രവർത്തിക്കുന്നത്. ഇതു സംബന്ധിച്ച നിരവധി കോടതി കേസ്സുകൾ നിലവിലുണ്ട്. കയ്യേറ്റം അളന്നു തിട്ടപ്പെടുത്തുന്നതിനായി ഒരു സർവ്വേ ടീമിനെ നിയോഗിച്ച് തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.

മാമ്പുഴപ്പുഴ: മാമ്പുഴ പുഴയുടെ കയ്യേറ്റം കണ്ടെത്തുന്നതിനായുള്ള സർവ്വേ പൂർത്തിയായിട്ടുണ്ട്. പുഴയുടെ അതിരുകൾ നിർണ്ണയിക്കുകയും കൈയ്യേറ്റമുള്ള സ്ഥലങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മാമ്പുഴയുടെ സർവ്വേ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വില്ലേജ് | കി. മീ. |
|---|---|
| പെരുമണ്ണ | 5.9 |
| ഒളവണ്ണ | 9.3 |
| കുറ്റിക്കാട്ടൂർ | 10.2 |
| പന്തീരാങ്കാവ് | 3.5 |
| ആകെ | 28.9 |

**കൊയിലാണ്ടി താലൂക്ക്**

കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി വില്ലേജിൽ പുഴ പുറമ്പോക്ക് കയ്യേറി വീട് നിർമ്മിച്ചത് സംബന്ധിച്ച് ശ്രീ. അലക്സ്, കെ. ബാബു എന്നിവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ കോടതിവിധി വന്നതിനുശേഷമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**വടകര താലൂക്ക്**

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ നരിപ്പറ്റ വില്ലേജിൽ റീ-സർവ്വേ 1/1 ൽപ്പെട്ട 32 സെന്റ് പുഴ പുറമ്പോക്ക് സ്ഥലം ശ്രീ. എകരപ്പറമ്പത്ത് അൽത്താഫ് എന്നയാൾ കയ്യേറിയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ താലൂക്ക് തലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(മറുപടി 14-1-2015- ലെ സമിതിയോഗം അംഗീകരിച്ചു.)

### ശിപാർശ 7

കോഴിക്കോട് ജില്ലയിലെ നദികൾക്ക് മാത്രമായി മാലിന്യനിർമ്മാർജ്ജനത്തിനും, നദിയുടെ സ്വാഭാവികമായ ഒഴുക്ക് നിലനിർത്തുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും മണൽവാരൽ തടയുന്നതിനുമായി ലക്ഷ്യംവെച്ച് ഒരു അതോറിറ്റി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25753/ഐ.ആർ2/13/ജവിവ. തീയതി 26-8-2014)

മണൽവാരൽ മൂലം നദികളുടെ അടിത്തട്ടിൽ ഉണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനുമായി തടയണകൾ നിർമ്മിച്ചുവരുന്നു. നദീതീരങ്ങളിൽ, കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇവ കൂടാതെ, നദീതീര സംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കുന്നു.

സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ സംരക്ഷണം ലക്ഷ്യമിട്ട് സ്റ്റേറ്റ് റിവർ ആന്റ് വെറ്റ് ലാൻഡ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡെവലപ്മെന്റ് ബോർഡ് എന്നിവ രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ അമെന്റ്മെന്റ് ബിൽ 2013-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിന് നിയമപ്രാബല്യം കൈവന്നാൽ ഇവയെല്ലാം രൂപീകരിക്കാൻ സാധിക്കുന്നതാണ്.

(മറുപടി 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## അദ്ധ്യായം III

## ഇനിയും അന്തിമമറുപടി ലഭിക്കാനുള്ള ശിപാർശകൾ, അതിന്മേലുള്ള സമിതിയുടെ തുടർശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 4

കോരപ്പുഴയുടെ അഴിമുഖത്ത് നദികളുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ മണൽ അടിഞ്ഞുകിടക്കുന്നത് ഡ്രഡ്ജിംഗിലൂടെ നീക്കം ചെയ്ത് നദി പൂർവ്വസ്ഥിതിയിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 63704/പി3/2013/റവന്യൂ തീയതി 10-7-2014)

കോരപ്പുഴയുടെ അഴിമുഖത്ത് നദികളുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ അടിഞ്ഞുകൂടിയ മണൽ ഡ്രഡ്ജിംഗ് ചെയ്യുന്നതിന് റിപ്പോർട്ട് സമർപ്പിക്കുവാൻ എക്സ് എഞ്ചിനീയർ, ഇറിഗേഷൻ, കോഴിക്കോട് ഡിവിഷനും, ഡയറക്ടർ CWRDM-നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി 7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തദ്ദേശസ്വയംഭരണ(ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 364/ആർ.സി4/15/തസ്വഭവ. തീയതി 4-8-2015)

അഴിമുഖത്തെ ഡ്രഡ്ജിംഗ് തദ്ദേശസ്വയംഭരണ വകുപ്പ് നടത്തുന്നില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപടി സ്വീകരിക്കേണ്ട വിഷയമായതിനാൽ മത്സ്യബന്ധന വകുപ്പിന് കൈമാറിയിട്ടുണ്ട്.

സമിതി തീരുമാനം

ശിപാർശയിന്മേൽ മറുപടി ലഭ്യമാക്കുന്നതിനായി മത്സ്യബന്ധന തുറമുഖ വകുപ്പിന് കൈമാറിയതായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 4-8-2015-ലെ കത്ത് പ്രകാരം അറിയിച്ചിരുന്നുവെങ്കിലും മത്സ്യബന്ധന തുറമുഖ വകുപ്പിൽ നിന്ന് മറുപടി ലഭിക്കാത്തതിനാൽ സമിതി 13-1-2016-ന് മത്സ്യബന്ധന തുറമുഖ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി. ഈ വിഷയം മത്സ്യബന്ധന തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട വിഷയമല്ലെന്നും 19-6-2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു യോഗത്തിൽ വച്ച് മണൽ മാറ്റുന്നതിന് ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ 14-7-2015-ലെ 571/2015 നമ്പർ ഉത്തരവ് പ്രകാരം 117 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണെന്ന് ജലസേചന വകുപ്പ് അറിയിച്ചതായി മത്സ്യബന്ധന വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. തുടർന്ന് ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ജലവിഭവ വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി തീരുമാനിക്കുകയുണ്ടായി.

സമിതിയുടെ തുടർ ശിപാർശ നമ്പർ 1

4-ാം നമ്പർ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ മറുപടി ജവലിഭവ വകുപ്പ് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ 6

നൂറ്റാണ്ടുകളായി കേരളത്തിലെ തടി വ്യവസായം കല്ലായിപ്പുഴ വഴിയാണ് നടന്നു വരുന്നത്. ആയതിനാൽ തടി വ്യവസായത്തിന് തകർച്ചവരാതെ, നദി മലിനമാകാതെ സൂക്ഷിക്കേണ്ട ബാധ്യതയുണ്ട്. അതുകൊണ്ട് തടി കതിർക്കുന്നതിന് മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്തി നദിയെ എങ്ങനെ മാലിന്യത്തിൽ നിന്നും രക്ഷിക്കാമെന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തണമെന്നും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### (എ) തദ്ദേശസ്വയംഭരണ (സി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 65113/ഡി.സി1/14/തസ്വഭവ. തീയതി 21-7-2015)

പരിസ്ഥിതി വകുപ്പ്, ജലസേചന വകുപ്പ്, റവന്യൂ വകുപ്പ് എന്നീ വകുപ്പുകൾ കല്ലായിപ്പുഴയുടെ സംരക്ഷണം സംബന്ധിച്ച് ശാസ്ത്രീയമായി പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ലായിപ്പുഴയിലേക്ക് മാലിന്യം എത്തുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട സർക്കിളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും മാലിന്യം നിക്ഷേപിച്ചവരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെമേൽ മറുപടി സമിതിയുടെ 5-8-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശയ്ക്ക് ശാസ്ത്രസാങ്കേതിക വകുപ്പിൽ നിന്നും മറുപടി ലഭിക്കാത്തതിനാൽ സമിതി 19-8-2015-ന് ശാസ്ത്രസാങ്കേതിക വകുപ്പ് സെക്രട്ടറിയിൽ നിന്ന് തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പുമായി ബന്ധപ്പെട്ട് ശാസ്ത്രസാങ്കേതിക വകുപ്പ് ചുവടെപ്പറയും പ്രകാരം ഇടക്കാല മറുപടി സമിതിക്ക് ലഭ്യമാക്കി.

### (ബി) ശാസ്ത്രസാങ്കേതിക (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2080/എ 4/2013/ശാ.സാ.വ. തീയതി 17-8-2015)

കല്ലായിപ്പുഴയിൽ തടി കതിർക്കുന്നതിന് മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്തി നദിയെ എങ്ങനെ മാലിന്യത്തിൽ നിന്നും രക്ഷിക്കാമെന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തണമെന്നും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള

സ്വതന്ത്ര സ്ഥാപനമായ കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അനുബന്ധ ഗവേഷണ വികസന സ്ഥാപനമായ സി.ഡബ്ല്യൂ.ആർ.ഡി.എം.(സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്)-ന് ഇത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ദീർഘകാലപഠനം ആവശ്യമായി വരുന്ന ഒരു പ്രോജക്ടാണ്. അതിനാൽ പഠനം പൂർത്തിയാകുന്നമുറയ്ക്ക് സമിതിക്ക് റിപ്പോർട്ട് നൽകുന്നതാണെന്ന് അറിയിക്കുന്നു.

വിഷയം സംബന്ധിച്ച് ശാസ്ത്രീയ പഠനം നടന്നുവരികയാണെന്നും പഠനം പൂർത്തിയാക്കുന്നമുറയ്ക്ക് 6 മാസത്തിനുള്ളിൽ അന്തിമ റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കുന്നതാണെന്നും ശാസ്ത്രസാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 19-8-2015-ലെ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചു.

<u>സമിതിയുടെ തുടർ ശിപാർശ നമ്പർ 2</u>

<u>റിപ്പോർട്ടിലെ 6-ാം നമ്പർ ശിപാർശയുടെ അടിസ്ഥാനത്തിൽ ശാസ്ത്രസാങ്കേതിക വകുപ്പ് നടത്തിവരുന്നതായി 17-8-2015-ലെ കത്തുപ്രകാരം അറിയിച്ചിരുന്ന ശാസ്ത്രീയ പഠനം എത്രയും വേഗം പൂർത്തീകരിച്ച് അതുസംബന്ധിച്ച അന്തിമ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

<u>ശിപാർശ 8</u>

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ മറ്റു പല ജില്ലകളെപ്പോലെ ക്രമക്കേടും വകമാറ്റി ചെലവഴിക്കലും കോഴിക്കോട് ജില്ലയിലും നടന്നിട്ടുണ്ടെന്ന് സമിതി നേരത്തെ നടത്തിയ പഠനത്തിൽ കണ്ടെത്തിയതുമാണ്. റിവർ മാനേജ്മെന്റ് ഫണ്ട് നദികളുടെ സംരക്ഷണത്തിനും മലിനീകരണം തടയുന്നതിനും ഉപയോഗിക്കാതെ വകമാറ്റി ചെലവഴിക്കുകയും ധൂർത്തടിക്കുകയും ചെയ്തവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) റവന്യൂ (പി)വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 63704/പി3/13/റവന്യൂ തീയതി 10-7-2014)

ബഹു. കേരള നിയമസഭാ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിൽ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ പത്ത് വർഷത്തെ വിനിയോഗത്തിലുണ്ടായ ക്രമക്കേടുകളെ പറ്റി വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ

ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് II, തിരുവനന്തപുരത്തിന്റെ സൂപ്രണ്ട് മുഖേന അന്വേഷണം നടന്നു വരികയും ആയതിലേക്ക് രേഖകൾ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരിക്കുകയുമാണ്.

(മറുപടി 7-8-2014 -ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) വിജിലൻസ് (ഇ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4608/ഇ 1/2013/വിജി. തീയതി 3-7-2014)

കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിലെ വിനിയോഗത്തിലെ ക്രമക്കേടുകളെപ്പറ്റി ഒരു വിജിലൻസ് അന്വേഷണം നടത്തി സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുവാൻ 20-5-2014-ലെ 4608/ഇ 1/13/വിജി. നമ്പർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(പ്രസ്തുത ശിപാർശയിന്മേൽ വിജിലൻസ് വകുപ്പിൽ നിന്ന് അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ സമിതി 13-1-2016-ന് വിജിലൻസ് വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയിൽ നിന്ന് തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പിനോടനുബന്ധിച്ച് വിജിലൻസ് വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി ചുവടെ ചേർക്കുന്നു:)

## വിജിലൻസ് (ഇ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 5773/ഇ 1/15/വിജി. തീയതി 11-1-2016)

കോഴിക്കോട് ജില്ലയിലൂടെ ഒഴുകുന്ന നദികൾ നേരിടുന്ന മലിനീകരണം സംബന്ധിച്ച് നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014) സമർപ്പിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ 8 പ്രകാരം കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗത്തിലുള്ള ക്രമക്കേടുകളെപ്പറ്റി ഒരു വിജിലൻസ് അന്വേഷണം നടത്തി സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുവാൻ 20-5-2014-ലെ 4608/ഇ 1/2013/വിജി. നമ്പർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, കോഴിക്കോട് യൂണിറ്റ് വി. ഇ. 02/2014/കെ. കെ. ഡി. നമ്പർ ആയി അന്വേഷണം ആരംഭിക്കുകയുണ്ടായി. റിവർ മാനേജ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് വിവിധ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച 37-ഓളം ഡിമാന്റ് ഡ്രാഫ്റ്റുകൾ കോഴിക്കോട് കലക്ടേറ്റിലെ ഡി1 സെക്ഷനിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്നും അന്വേഷണം അന്തിമഘട്ടത്തിലാണെന്നും 8-1-2016-ലെ E12(VE02/14/KKD)17375/2014 നമ്പർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(കോഴിക്കോട് ജില്ലയുമായി ബന്ധപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി സമിതിക്ക് നൽകാമെന്നും ബന്ധപ്പെട്ട റെക്കോർഡുകൾ വിജിലൻസിന് കൈമാറാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് പ്രത്യേക നിർദ്ദേശം നൽകാമെന്നും വിജിലൻസ് വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി 13-1-2016-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ അറിയിച്ചു. എന്നാൽ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.)

<u>സമിതിയുടെ തുടർശിപാർശ നമ്പർ 3</u>

കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗത്തിലുള്ള ക്രമക്കേടുകളെപ്പറ്റിയുള്ള വിജിലൻസ് അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും അതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് ഉടനടി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.